ഡൽഹിയിലെ കേരള ഇൻഫർമേഷൻ സെൻറർ

20 [1117] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരള ഇൻഫർമേഷൻ സെൻറർ നവീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാരിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ സെൻറിനോട് ചേർന്ന് മലയാള പ്രസിദ്ധീകരണങ്ങൾക്കായി ഒരു ലൈബ്രറി തുടങ്ങുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടി

21 [1118] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സൗരോർജ്ജ വിളക്കുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് സൗരോർജ്ജ വിളക്കുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വൈദ്യുതി ലഭ്യമല്ലാത്തതും സമീപ ഭാവിയിൽ ലഭ്യമാക്കാൻ സാദ്ധ്യതയില്ലാത്തതുമായ സ്ഥലങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലുമാണ് ഇപ്പോൾ ഇവ സ്ഥാപിച്ചുവരുന്നത്. സൗരോർജ്ജ തെരുവു വിളക്കുകളും സൗരോർജ്ജ ഗാർഹിക വിളക്കുകളും ഇതിൽപ്പെടുന്നു. ഇവ സൗജന്യ നിരക്കിൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉദ്ദേശം 13,400 സൂര്യ റാന്തലുകൾ കേരളത്തിൽ മുഴുവൻ വിതരണം ചെയ്യുന്നതിനുള്ള നടപടിയും എടുത്തിട്ടുണ്ട്. വരുംവർഷങ്ങളിൽ ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്.

തിരമാലയിൽനിന്നും വൈദ്യുതി

22 [1119] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരമാലയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly